**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5434 — 01.07.2019-ലെ മറുപടിയ്ക്ക്

## മാവൂർ വില്ലേജിൽ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും<br>യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ കൈവശത്തിലുള്ള 7.8 ഏക്കർ സ്ഥലം സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിന് വിട്ടുനൽകാൻ പ്രസ്തുത വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നോയെന്ന് അറിയിക്കാമോ; | (എ), (ബി) & (സി) | കോഴിക്കോട് ജില്ലയിൽ മാവൂർ റോഡിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള ഭൂമി സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനായി കായികയുവജനകാര്യ വകുപ്പിന് വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഭാവിയിൽ നടക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾക്കായി സംരക്ഷിക്കേണ്ടതിനാൽ പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള സ്ഥലങ്ങൾ മറ്റ് വകുപ്പുകളുടെ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി വിട്ടു നൽകുവാൻ നിർവ്വാഹമില്ല എന്ന് പ്രസ്തുത വകുപ്പ് അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ പൊതുമരാമത്ത് വകുപ്പ് എന്ത് മറുപടിയാണ് നൽകിയിട്ടുള്ളത്; | | |
| (സി) | അന്യാധീനപ്പെട്ടുകിടക്കുന്ന പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ**